# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 3021** **07.02.2018- ൽ മറുപടിയ്ക്ക്**

## സീ-മാറ്റ് നിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എസ്.ശർമ്മ | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സീ-മാറ്റ് എന്ന സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ, താൽക്കാലിക ജീവനക്കാർ ഉൾപ്പെടെ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; | എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സീമാറ്റ് - കേരളയിൽ ഡയറക്ടർ ഒഴികെ സ്ഥിരം ജീവനക്കാർ ആരുംതന്നെ ഇല്ല. ഡയറക്ടർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും, മറ്റ് ജീവനക്കാർ കരാർ അടിസ്ഥാനത്തിലുമാണ് ജോലി നോക്കിവരുന്നത്. കരാർ അടിസ്ഥാനത്തിൽ 16 ജീവനക്കാരും, ദിവസ വേതനാടിസ്ഥാനത്തിൽ ഒരാളും ഉൾപ്പെടെ ആകെ 18 ജീവനക്കാരാണ് സീമാറ്റ് - കേരളയിൽ ഉള്ളത്. |
| ബി) | സീ - മാറ്റിൽ നിയമനത്തിനായി പുതിയ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) ഉണ്ട്.ആയതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | നിലവിലുള്ള കരാർ ജീവനക്കാരുടെ കാലാവധി എന്നത്തേക്ക് അവസാനിക്കുമെന്ന് വിശദമാക്കാമോ? | സി) നിലവിലുള്ള കരാർ ജീവനക്കാരിൽ 9 പേരുടെ കരാർ കാലാവധി 2018 മാർച്ചിലും മറ്റ് ജീവനക്കാരുടേത് സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ, 2019 ജനുവരി മാസങ്ങളിലുമാണ് അവസാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ